# Deepika

## 28 August 2018

## Chenganashery: After Flood, Kuttanand, bus Transport



# കുട്ടനാട്ടുകാരുടെ മടക്കയാത്രയ്ക്ക് ഇന്നുകൂടി സൗജന്യ ബോട്ട്

**ചങ്ങനാശേരി:** ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നുള്ള കുട്ടനാട്ടുകാരുടെ മടക്കയാത്രയ്ക്ക് ആലപ്പുഴ മേഖലാ കാര്യാലയത്തിന്റെ കീഴിലുള്ള ബോട്ടുകളിൽ ഇന്നുകൂടി സൗജന്യയാത്രയ്ക്ക് അവസരം. ആലപ്പുഴ ജില്ലയിൽ ഇന്നലെ 20 ബോട്ടുകളാണു സർവീസ് നടത്തിയത്. എറണാകുളം, വൈക്കം, പാണാവള്ളി എന്നീ സ്റ്റേഷനുകളിൽനിന്നുമായി മൂന്നു ബോട്ടുകൾകൂടി എത്തിച്ചാണ് ഇന്നലെ സർവീസുകൾ നടത്തിയത്. എറണാകുളത്തുനിന്നും പയ്യന്നൂരിൽനിന്നും കൂടുതൽ ബോട്ടുകൾ നേരത്തെ എത്തിച്ചിരുന്നു. ഗതാഗതമന്ത്രി ശശീന്ദ്രന്റെ നിർദേശപ്രകാരമാണ് കഴിഞ്ഞ അഞ്ചു ദിവസങ്ങളായി ആലപ്പുഴ ജില്ലയിലും ചങ്ങനാശേരിയിലും ജലഗതാഗതവകുപ്പ് സൗജന്യയാത്ര സജ്ജമാക്കിയത്. വിവിധ സ്റ്റേഷനുകളിൽനിന്നു കൂടുതൽ ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഇന്നു രാവിലെ 11ന് ആലപ്പുഴ ഡയറക്ടറേറ്റിൽ ജലഗതാഗത വകുപ്പിന്റെ അവലോകന യോഗം ചേരും. ഈ യോഗത്തിൽ ജലപാത സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തും. ഷെഡ്യൂൾ പ്രകാരമുള്ള സർവീസ് പുനരാരംഭിക്കുന്നതു സംബന്ധിച്ച തീരുമാനങ്ങളെടുക്കുമെന്നു ഡയറക്ടർ ഷാജി വി. നായർ പറഞ്ഞു. പ്രളയക്കെടുതി നേരിട്ട ദിനങ്ങളിൽ ചങ്ങനാശേരിയിലും ആലപ്പുഴയിലുമായി ഒന്നരലക്ഷത്തിലേറെപ്പേരെ സർക്കാർ ബോട്ടുകളിൽ സൗജന്യമായി രക്ഷപ്പെടുത്തി എത്തിച്ചതായാണു ജലഗതാഗതവകുപ്പിന്റെ കണക്ക്. വെള്ളപ്പൊക്ക ദുരിതമേഖലകളിലുള്ള ജീവനക്കാർ പോലും സ്വന്തം വീടുകളിലെ ബുദ്ധിമുട്ടുകൾ പരിഗണിക്കാതെയാണ് രക്ഷാദൗത്യത്തിൽ പങ്കാളികളായത്.

കെഎസ്ആർടിസി ചങ്ങനാശേരിയിൽനിന്നു മങ്കൊമ്പ് ബ്ലോക്ക് ജംഗ്ഷൻവരെയും ആലപ്പുഴയിൽനിന്നു കൈനകരി ജംഗ്ഷൻ വരെയും ബസ് സർവീസ് നടത്തുന്നുണ്ട്. ഇതിനിടയിലുള്ള ഭാഗത്തു വെള്ളക്കെട്ടായതിനാൽ ടാക്ടറുകളാണ് സർവീസ് നടത്തുന്നത്.